**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 214** **24-02-2026 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ശുദ്ധജല സ്രോതസ്സുകൾ കണ്ടെത്താൻ സാധിക്കാത്തതാണ് പദ്ധതിയുടെ നിർവഹണം തടസ്സപ്പെടാൻ ഇടയാക്കുന്നത് എന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ള പദ്ധതികളുടെ ജല സ്രോതസ്സുകൾ കണ്ടെത്താൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല.<br><br>പദ്ധതിയുമായി ബന്ധപ്പെട്ട ജലസ്രോതസുകൾ കണ്ടെത്തുന്നതിന് പദ്ധതികളുടെ രൂപകല്പനാ ഘട്ടത്തിൽ തന്നെ ജില്ലാതല സോഴ്സ് ഫൈൻഡിങ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അതിനനുസരിച്ചുള്ള ആസൂത്രണം പദ്ധതികളിൽ നടത്തിയിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതികളുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്നതിനായി പ്രധാനമായും റിസർവോയറുകളെയും, പുഴകളെയുമാണ് പദ്ധതികളുടെ സ്രോതസ്സുകളായി കണ്ടെത്തിയിട്ടുള്ളത്.<br><br>സംസ്ഥാനത്തൊട്ടാകെ ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 598 സ്രോതസ്സുകളാണ കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 53 റിസർവോയർ സ്രോതസ്സുകൾ. 383 പുഴ സ്രോതസ്സുകൾ, 44 ഭൂഗർഭ ജല സ്രോതസ്സുകൾ, 68 കിണർ സ്രോതസ്സുകൾ. 50 നീരുറവകൾ. കുളം, കായൽ സ്രോതസ്സുകൾ എന്നിവ ഉൾപ്പെടുന്നു. ജല ജീവൻ മിഷനിലൂടെ ഈ സ്രോതസ്സുകളിൽ നിന്നു പുതുതായി പ്രതിദിനം 1862.60 ദശലക്ഷം ലിറ്റർ ശുദ്ധജലം ഉത്പാദിപ്പിക്കുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി ഉറവിടം, ശുദ്ധീകരണ സംവിധാനം, വിതരണ ശൃംഖല എന്നിവയുടെ ശാക്തീകരണ പ്രവർത്ത നങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കൂടാതെ ജലസ്രോതസ്സുകളുടെ സുസ്ഥിര വികസനത്തിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി സംസ്ഥാന വാട്ടർ സെക്യൂരിറ്റി പ്ലാൻ തയ്യാറാക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ജൽജീവൻ മിഷൻ പദ്ധതിയിലെ കരാറുകാരുടെ കുടിശ്ശിക നൽകുന്നതിന് സർക്കാർ എന്തെങ്കിലും ബദൽ മാർഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ജൽജീവൻ മിഷൻ പദ്ധതിയിൽ നിലവിൽ പൂർത്തികരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 31.01.2026 ലെ കണക്ക് പ്രകാരം 3,783.96 കോടി രൂപ (3250 ബില്ലുകൾ - 2024 ഡിസംബർ മുതലുള്ളത്) കുടിശ്ശിക നല്കുവാനുണ്ട്.<br><br>2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ ഭാഗമായുള്ള കേന്ദ്രസർക്കാർ വിഹിതം ഇതുവരെ ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിനു നബാർഡിൽ നിന്നും വായ്പ്പ എടുക്കുവാൻ 09/09/2025-ലെ മന്ത്രിസഭായോഗം അംഗീകാരം നൽകി. ആയതിൽ 5000 കോടി രൂപ നബാർഡിൽ നിന്നും അനുവദിക്കുകയും ചെയ്തു.<br><br>തുടർന്ന്, സർക്കാർ നിർദ്ദേശപ്രകാരം, SNA-SPARSH സംവിധാനത്തിന് കീഴിൽ "സംസ്ഥാന വിഹിതം" എന്ന രീതിയിൽ ചെലവ് ഉറപ്പാക്കുന്നതിനായി, 5,000 കോടി രൂപ "0215-01-102-98 - Receipts from Rural Water Supply - Receipt on account of NABARD Loan availed by KWA for implementation of Jal Jeevan Mission" എന്ന ശീർഷകത്തിൽ അടവാക്കി.<br><br>പദ്ധതിയുടെ ഭാഗമായുള്ള നിലവിലുള്ള ബാധ്യതകൾ തീർക്കുന്നതിനായി, മേൽപ്പറഞ്ഞ തുകയിൽ നിന്നും 3,750 കോടി രൂപ "4215-01-102-92-(02) JalJeevan Mission (NRDWP) എന്ന ശീർഷകത്തിൽ വകയിരുത്തി ജലജീവൻ മിഷനു അനുവദിച്ചു.കൊണ്ട് ഉത്തരവായിട്ടുണ്ട്. ഇതിൽ നിന്നും രണ്ടു ഗഡുവായി 3,000 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചുകൊണ്ട് ജൽജീവൻ മിഷൻ പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് ഗ്രാമീണമേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നൽകുവാൻ ലക്ഷ്യമിട്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ പദ്ധതി. കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും, 2025-26 ലെ കേന്ദ്ര ബജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിച്ചിട്ടുണ്ട്. |

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 44714.79 കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്ന സമയത്ത് കേവലം 17.50 ലക്ഷം (25.06%) ഭവനങ്ങളിൽ മാത്രമാണ് കണക്ഷനുകൾ ഉണ്ടായിരുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ സംസ്ഥാനത്ത് 21.35 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ കണക്ഷനുകൾ ഉൾപ്പെടെ നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെ 38.84 ലക്ഷം കുടിവെള്ള കണക്ഷനുകളാണ് നിലവിലുള്ളത്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 55.64 ശതമാനമാണ്.

ഗ്രാമീണ മേഖലയിലെ എല്ലാ സ്കൂളുകൾക്കും അംഗൻവാടികൾക്കും ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ള സൗകര്യം ഒരുക്കിയത് ഈ പദ്ധതിയിലൂടെ സംസ്ഥാനത്തിന്റെ നേട്ടമാണ്.

2020 ഏപ്രിലിൽ 100 ശതമാനം കവറേജുള്ള പഞ്ചായത്തുകൾ ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും. ഇപ്പോൾ സംസ്ഥാനത്തെ 123 പഞ്ചായത്തുകൾ 100 ശതമാനം കവറേജ് കൈവരിച്ചു. ജൽ ജീവൻ മിഷൻ ആരംഭിക്കുന്നതിന് മുൻപ് 50 ശതമാനത്തിനു മുകളിൽ കവറേജ് ഉണ്ടായിരുന്ന പഞ്ചായത്തുകൾ 116 ആയിരുന്നു. ഇപ്പോൾ അത് നൂറു ശതമാനം കവറേജ് കൈവരിച്ച പഞ്ചായത്തുകളുൾപ്പെടെ 529 ആണ്. ഏപ്രിൽ 2020-ൽ, 25 ശതമാനത്തിൽ താഴെ വീടുകളിൽ മാത്രം കുടിവെള്ള സൗകര്യമുള്ള പഞ്ചായത്തുകളുടെ എണ്ണം 517 ആയിരുന്നു. ഇപ്പോൾ അത് 197 ആയി കുറഞ്ഞിട്ടുണ്ട്. ജൽജീവൻ മിഷൻ ആരംഭിക്കുന്നതിന് മുൻപ് 25 ശതമാനത്തിൽ താഴെ വീടുകളിൽ കുടിവെള്ള സൗകര്യമുള്ള നിയമസഭാ മണ്ഡലങ്ങളുടെ എണ്ണം 82 ആയിരുന്നു. ഇപ്പോൾ അത് 12 ആയി കുറഞ്ഞിട്ടുണ്ട്. 2020 ഏപ്രിലിൽ 100 ശതമാനം കവറേജ് ഉള്ള നിയമസഭാ മണ്ഡലങ്ങൾ ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും, ഇപ്പോൾ 9 നിയമസഭാ മണ്ഡലങ്ങൾ 100 ശതമാനം കവറേജ് കൈവരിച്ചു.

ജലഗുണനിലവാര നിരീക്ഷണവും മേൽനോട്ടവും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 86 ജല ഗുണനിലവാര പരിശോധന ലബോറട്ടറികൾക്ക് NABL അംഗീകാരവും ലഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതിയുടെ പൂർത്തീകരണത്തിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. 2024 ൽ പദ്ധതി പൂർത്തീകരിക്കാനാണ് തുടക്കത്തിൽ ലക്ഷ്യമിട്ടിരുന്നത്. ഇത് 2025 ആയി ദീർഘിപ്പിക്കുകയും, 2025-26 ലെ യൂണിയൻ ബജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിച്ചിട്ടുണ്ട്. ഈ കാലയളവിനുള്ളിൽ ജൽജീവൻ പദ്ധതി പ്രവർത്തികൾ പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

വിവിധ സ്കീമുകളിലായി 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവർത്തികളിൽ 3239 പ്രവർത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1703 പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി പ്രവർത്തികൾ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ഇതു വരെ 5610.31 കോടി രൂപ കേന്ദ്ര വിഹിതമായും 9033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ 14643.60 കോടി രൂപ). ഇതിൽ 14,456.69 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.

നിലവിൽ പൂർത്തീകരിച്ച പ്രവർത്തികളുടെ വകയിൽ കരാറുകാർക്ക് 31.01.2026 ലെ കണക്ക് പ്രകാരം 3,783.96 കോടി രൂപ (3250 ബില്ലുകൾ - 2024 ഡിസംബർ മുതലുള്ളത്) കുടിശ്ശിക നല്കുവാനുണ്ട്.

2025-26 സാമ്പത്തിക വർഷം ഇതു വരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതു തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിനു നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ്പ എടുക്കുവാൻ 09/09/2025 ലെ മന്ത്രിസഭാ യോഗം അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ 5000 കോടി രൂപ നബാർഡിൽ നിന്നും അനുവദിക്കുകയും ചെയ്തു.

തുടർന്ന്. സർക്കാർ നിർദ്ദേശപ്രകാരം, SNA-SPARSH സംവിധാനത്തിന് കീഴിൽ "സംസ്ഥാന വിഹിതം" എന്ന രീതിയിൽ ചെലവ് ഉറപ്പാക്കുന്നതിനായി, 5,000 കോടി രൂപ "0215-01-102-98 Receipts from Rural Water Supply Receipt on account of NABARD Loan availed by KWA for implementation of Jal Jeevan Mission" എന്ന ശീർഷകത്തിൽ അടവാക്കി.

പദ്ധതിയുടെ ഭാഗമായുള്ള നിലവിലുള്ള ബാധ്യതകൾ തീർക്കുന്നതിനായി. മേൽപ്പറഞ്ഞ തുകയിൽ നിന്നും 3,750 കോടി രൂപ "4215-01- 102-92-(02) Jal Jeevan Mission (NRDWP) " എന്ന

| | | | |
|---|---|---|---|
| | | | ശീർഷകത്തിൽ വകയിരുത്തി ജലജീവൻ മിഷനു അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഇതിൽ നിന്നും രണ്ടു ഗഡുവായി 3,000 കോടി രൂപ നൽകിയിട്ടുണ്ട്.<br><br>ജൽ ജീവൻ മിഷൻ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രി, ബഹു. ജലവിഭവ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി, മിഷൻ ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ സംസ്ഥാന, ജില്ലാ തലങ്ങളിൽ ഉൾപ്പെടെ വിവിധതലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി ത്വരിതപ്പെടുത്തുന്നതിനും, തടസ്സങ്ങൾ നീക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ